പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 43

09.03.2015-ൽ മറുപടിക്ക്.

## കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതു സംബന്ധിച്ച് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ വയനാട് സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | : (എ) കൽപ്പറ്റയിൽ നിലവിലുള്ള ചെക്ക് കേസുകൾ കൈകാര്യം ചെയ്യുവാൻ മാത്രം അധികാരമുള്ള ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിക്ക് പൂർണ്ണചുമതല നൽകണമെന്നാവശ്യപ്പെട്ട് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷന്റെ അപേക്ഷ 08.01.2015-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ ശുപാർശയ്ക്കായി ഹൈക്കോടതി രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. |
| (ബി ഇത്തരത്തിലുള്ള മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | : (ബി) കോടതി ആരംഭിക്കുന്നതിനുള്ള വിവിധ ഘടകങ്ങൾ പരിശോധിച്ച് ഹൈക്കോടതി നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോടതികൾ ആരംഭിക്കുന്നതിനുള്ള അധികാരം ക്രിമിനൽ പ്രോസിജ്യർ കോഡ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ